ജൈക്ക പദ്ധതികൾ കമ്മീഷൻ ചെയ്യാൻ നടപടി

17 (*227) ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. പാലോട് രവി :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈക്ക പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) ഏതെല്ലാം പദ്ധതികൾ ഇതിനു കീഴിൽ കമ്മീഷൻ ചെയ്യുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങൾക്കും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതികൾ, കൊല്ലം ജില്ലയിലെ മീനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്രശുദ്ധജല വിതരണ പദ്ധതി എന്നീ 5 പദ്ധതികളാണ് ജപ്പാൻ കടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നത്. പ്രസ്തുത പദ്ധതികളിൽ ചേർത്തല പദ്ധതി 3-1-2012-ൽ കമ്മീഷൻ ചെയ്തു. തിരുവനന്തപുരം പദ്ധതി 18-5-2010-ലും മീനാട് പദ്ധതി 24-2-2011-ലും പട്ടുവം പദ്ധതി 14-3-2013-ലും കോഴിക്കോട് പദ്ധതി 27-2-2015-ലും ഭാഗികമായി കമ്മീഷൻ ചെയ്തുകയുണ്ടായി. ജൈക്ക വായ്പാ കാലാവധി നീട്ടിക്കിട്ടുന്നതിന് വിധേയമായി പദ്ധതികൾ പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് താഴെപറയുന്ന സമയക്രമം നിർണ്ണയിച്ചിരിക്കുകയാണ്.

1. തിരുവനന്തപുരം പദ്ധതി :

(i) വിതരണശൃംഖലയുടെ ബാക്കിപണികൾ - മാർച്ച് 2016

(ii) റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ - ഡിസംബർ 2015

LIBRARY ARCHIVES Kerala Legislative Assembly

2. മീനാട് പദ്ധതി :

(i) വിതരണശൃംഖലയുടെ ബാക്കിപണികൾ - മാർച്ച് 2016

3. കോഴിക്കോട് പദ്ധതി :

(i) വിതരണശൃംഖലയുടെ ബാക്കിപണികൾ - ജൂൺ 2016

(ii) റിഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ - ഒക്ടോബർ 2015

4. പട്ടുവം പദ്ധതി :

(i) വിതരണശൃംഖലയുടെ ബാക്കിപണികൾ - ജൂലൈ 2015

ജൈക്ക പദ്ധതിയുടെ നിലവിലുള്ള കാലാവധി 27-7-2015-ൽ അവസാനിക്കുന്നതിനാൽ, കാലാവധി 31-12-2016 വരെ നീട്ടിക്കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി സർക്കാർ തലത്തിലും വാട്ടർ അതോറിറ്റി തലത്തിലും യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. ജൈക്ക വായ്പയുടെ സമയപരിധി 31-12-2016 വരെ നീട്ടിക്കിട്ടുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പണിമുടക്ക്

18 (*228) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എളമരം കരീം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകൾ സെപ്റ്റംബർ രണ്ടാം തീയതി ആഹ്വാനം ചെയ്തിരിക്കുന്ന പണിമുടക്കിന് ആധാരമായി ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതികൾ വ്യവസ്ഥകളോടുള്ള സർക്കാരിന്റെ നിലപാട് അറിയിക്കാമോ ; അത് കേന്ദ്രത്തെ രേഖാമൂലം അറിയിക്കാൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly